# കുന്നാവിൽ എൽപി സ്കൂൾ

## അലവിൽ പി.ഒ.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**ആമുഖം**

കേരളം മറ്റു പല രംഗത്തുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലും പ്രബുദ്ധരായ സമൂഹത്തിന്റെ സഹായ സഹകരണവും ഇതോടൊപ്പം വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. എല്ലാറ്റിനുമുപരി അധ്യാപകർ പൊതുസമൂഹത്തോടൊപ്പം ചേർന്നുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ ഇതിനു സഹായകരമായി.

**സ്കൂൾ ചരിത്രം**

. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഉപജില്ലയിലാണ് ഈ വിദ്യാലയം. ചിറക്കൽ പഞ്ചായത്തിലെ ചിറക്കൽ റെയിൽവേ പാതയോടു ചേർന്നാണ് കുന്നാവിൽ എൽപി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1891 ൽ

ശ്രീ പടിയത്ത് കോരൻ ഗുരുക്കളാണ് സ്കൂൾ സ്ഥാപിച്ചത്.   എന്നാൽ ഇന്നത്തെ നിലയിലുള്ള പുതിയ സ്ഥലവും കെട്ടിടവും ലഭ്യമാക്കിയത് 1954 ൽ ആണ്. 1923 മുതലുള്ള രേഖകൾ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത് . ആദ്യകാലത്ത് ഈ പ്രദേശത്തെ നൂറുകണക്കിന് വിദ്യാർഥികളുടെ ആശ്രയ കേന്ദ്രമായിരുന്നു ഈ വിദ്യാലയം. എന്നാൽ ഓരോ വർഷം കഴിയുന്തോറും സ്കൂളിൽ കുട്ടികളുടെ പ്രവേശനത്തിൽ കുറവ് വന്നിട്ടുണ്ട്. നിലവിൽ അൺ എക്കണോമിക് വിദ്യാലയമെന്ന നിലയിലാണ് പ്രവർത്തനം. ഒന്നു മുതൽ നാല് വരെ ക്ലാസുകളിലായി നാല് അധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു.

.കാഴ്ചപ്പാട്

വിദ്യാലയത്തിൽ എത്തിച്ചേരുന്ന കുട്ടികളെയും നാം ഇടപെടുന്ന സമൂഹത്തെയും, സാമൂഹികമായും ഭൗതികമായും മെച്ചപ്പെടുത്തുകയും വിദ്യാഭ്യാസ രംഗത്തെ ലഭ്യമായ ഘടകങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി സാമൂഹിക മാറ്റത്തിനുള്ള കേന്ദ്രമായി മാറും.

കുട്ടികളിൽ താൽപര്യം വളർത്തുന്ന രീതിയിലുള്ള മെച്ചപ്പെട്ട പഠനരീതിയും പഠാനാന്തരീക്ഷവും ഉറപ്പാക്കുക.

.ലക്ഷ്യം

1. ആസ്വാദ്യകരമായ പഠനവും വിദ്യാലയാന്തരീക്ഷവും.
2. വിദ്യാലയ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം.
3. പഠനപ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകുന്നു.
4. വിവര സാങ്കേതിക വിദ്യ ഓരോ വിദ്യാർഥിക്കും പ്രാപ്തമാക്കുന്നു.
5. വിദ്യാലയ വിഭവങ്ങൾ (മൈതാനം, ഉദ്യാനം, ലൈബ്രറി) സമൂഹത്തിന് ആകെ ഉപയോഗപ്രദമാക്കുന്നു.
6. പഠനപ്രവർത്തനങ്ങളിൽ ഐസിടി സാധ്യത പരമാവധി ഉപയോഗപ്രദമാക്കുന്നു.
7. വിദ്യാലയവുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികളോടും ഊഷ്മളമായ ബന്ധം നിലനിർത്തുന്നു.
8. ഓരോ കുട്ടിക്കും പ്രത്യേകമായ പരിഗണന നൽകി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു.
9. ഭിന്നശേഷി വിദ്യർഥികൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്ന പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.
10. സ്കൂളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി.

**പരിഗണനയിലുള്ള മേഖലകൾ**

. പാഠ്യപദ്ധതി വിനിമയം.
. പഠനാന്തരീക്ഷം ( ഐസിടി, സ്മാർട് ക്ലാസ് റൂം, അധ്യാപക വിദ്യർഥി ബന്ധം.)
. അധ്യാപകർ (മെന്റർ, ശിശുസൗഹൃദം, ഓരോ കുട്ടിയുടെയും വീട്ടു സാഹചര്യങ്ങൾ അറിഞ്ഞുള്ള പ്രവർത്തനം.)
. കുട്ടികളുടെ കായിക ക്ഷമതയും, പഠന ഏകാഗ്രതയും വർധിപ്പിക്കൽ.
. ഭൗതിക സാഹചര്യം. (ഭിന്നശേഷി സൗഹൃദ വിദ്യാലയം, ഗതാഗത സൗകര്യം, ഭക്ഷണ മുറി)
. സാമൂഹിക ഇടപെടൽ ( പിടിഎ, എംപിടിഎ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, പൂർവ വിദ്യാർ ഥി കൂട്ടായ്മ)
. പ്രാദേശിക വിദഗ്ധരുടെ കൂട്ടായ്മ ( ഫോക് ലോർ, തെയ്യം, വായനശാല പ്രവർത്തകർ, റെസിഡൻസ് അസോസിയേഷൻ, വിവിധ മേഖലകളിലെ കലാകാരന്മാർ, പ്രതിമാസ അതിഥി ).

**നേരിടുന്ന പ്രശ്നങ്ങൾ**

. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ.

. പ്രദേശത്തെ സാമൂഹികവും സാമ്പത്തി

കമായും ഉള്ള പിന്നാക്കവസ്ഥ.

. അൺഎയ്ഡഡ് സ്കൂളുകളോടും നഗരത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടും ആഭിമുഖ്യം.

. രണ്ട് കിലോമീറ്ററിനുള്ളിൽ രണ്ട് പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് കുട്ടികളുടെ പ്രവേശനത്തിന് കുറവുണ്ടാകുന്നു.

## പ്രവർത്തന പദ്ധതികൾ

| പ്രവർത്തന ലക്ഷ്യം | പ്രവർത്തന പദ്ധതികൾ | കാലയളവ് | ചുമതല | ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| വായന | വായന പ്രവർത്തനം - മുഴുവൻ കുട്ടികളും മലയാളം നന്നായി വായിക്കാനുള്ള ശേഷി കൈവരിക്കൽ.<br>മുഴുവൻ കുട്ടികളും ഇംഗ്ലീഷ് വായന മെച്ചപ്പെടുത്തൽ.<br><br>ലൈബ്രറി പുസ്തകങ്ങൾ കഥ, കവിത വായന | ജൂൺ-ആഗസ്റ്റ് | അധ്യാപകർ രക്ഷിതാക്കൾ | സ്കൂൾ | |
| കായികം | ലഘുവ്യായാമ പരിശീലനം.<br>സൂംബാ ഡാൻസ് പരിശീലനം.<br>വിവിധ ബോധവൽക്കരണ ക്ലാസുകൾ<br><br>ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ<br>വ്യക്തിശുചിത്വം | ജൂൺ മുതൽ മാർച്ച് വരെ | മുഴുവൻ അധ്യാപകരും | സ്കൂൾ<br><br>വിവിധ ക്ലബ്ബുകൾ | |

| | | | | | |
|---|---|---|---|---|---|
| പാഠ്യപദ്ധതി വിനിമയം | . ഈസി ഇംഗ്ലീഷ് (എല്ലാ ക്ലാസുകളിലും)<br>ഇംഗ്ലീഷ് ആശയവിനിമയം, ഗെയിംസ്, ഇംഗ്ലീഷ് ഫെസ്റ്റ്, റീഡിങ് കോർണർ, ഇംഗ്ലീഷ് ഫിലിം ഫെസ്റ്റ്.<br><br>.സചിത്ര പുസ്തകം, സമ്മിശ്ര ഡയറി (ഒന്ന് രണ്ട് ക്ലാസുകളിൽ)<br><br>. ഗണിത ലാബ് വിപുലീകരണം, ഗണിത കേളികൾ, ഗണിത പസിൽ കോർണർ.<br>ശാസ്ത്രാഭിമുഖ്യ പരിപാടികൾ - ലഘുപരീക്ഷണങ്ങൾ, ശാസ്ത്ര ദിനാചരണങ്ങൾ, ശാസ്ത്രപുസ്തക പരിചയം. | ജൂൺ - മാർച്ച് | മുഴവൻ അ ധ്യാപ കരും. | സ്കൂൾ, എസ് എസ് കെ | |
| പഠനാന്ത രീക്ഷം | ക്ലാസുകളിലും സ്കൂൾ ചുവരുകളും പഠനാനുഭവങ്ങൾ ഒരുക്കുന്ന നിലയിൽ ആകർ ഷകമാക്കൽ.<br>. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള കായിക ഉപകരണങ്ങൾ. | ജൂൺ - മാർച്ച് | മുഴവൻ അ ധ്യാപ കരും. | പിടി എ, പൂർവ വി ദ്യാർ ഥിക ൾ | |
| അധ്യാപകർ | ഓരോ കുട്ടിയുടെയും സാഹചര്യം മനസ്സിലാക്കുന്നതിനായി വീടറിയൽ സന്ദർ ശനം. | ജൂൺ - മാർച്ച് | മുഴവൻ അ ധ്യാപ കരും. | പിടി എ | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭൗതികം | എൽപി ക്ലാസിലേക്കുള്ള മിനി സ്മാർട്ട് ക്ലാസ്റൂം ഒരുക്കൽ.<br><br>.ഭിന്നശേഷി സൗഹൃദ ടോയ് ലറ്റ് നിർമാണം. | | | | |
| സാമൂ ഹികം | .വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള വ്യക്തികളെ സ്കൂളിൽ എത്തിച്ചേരൽ, സംവാദം, ശിൽപശാല.<br><br>.ജനകീയ കമ്മിറ്റി രൂപീകരിച്ച പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം ഉറപ്പാക്കൽ.<br>. പ്രദേശത്തെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി സ്കൂൾ മാറ്റിയെടുക്കൽ.<br><br>. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പിടിഎയുമായി ചേർന്ന പ്രീപ്രൈമറി വിദ്യാലയം തുടങ്ങുന്നതിനുള്ള പ്രവർത്തനം. | ജൂൺ മുതൽ മേയ് വരെ | അധ്യാപകർ<br><br>പിടിഎ<br><br>ജനപ്രതിനികൾ | | |
| യോഗ ക്ലാസ് | .പ്രൈമറി ക്ലാസ് യോഗ പഠനവും പരിശീലനവും. (യോഗ പാഠ്യക്രമം).<br>. വിവിധ കൂട്ടായ്മകളുമായി ചേർന്ന യോഗ പരിശീലന പരിപാടികൾ. | സെപ്റ്റംബർ | യോഗ ക്ലബ്, അധ്യാപകർ | | |

.വിദ്യാലയത്തിന്റെ നിലവിലെ പ്രധാന പരിമിതികൾ കണ്ടെത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പദ്ധതികളുടെ വിജയത്തിനായി ജനപ്രതിനിധികളുടെയും, സമൂഹത്തിലെ മുഴുവൻ പേരുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കും.

........